# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 ഒക്ടോബർ 25 ചൊവ്വ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -30)

മറുപടി നൽകുന്ന മന്ത്രിമാർ

വിദ്യാഭ്യാസ വകുപ്പുമന്ത്രി
റവന്യൂ വകുപ്പുമന്ത്രി
മരാമത്ത് വകുപ്പുമന്ത്രി
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി

### ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ

*541 ശ്രീ. എ.എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ പ്രവർത്തനങ്ങളിൽ 'ഇവന്റ് മാനേജ്മെന്റു'കളെ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അവ ഏതൊക്കെയാണെന്നും എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇവർ കാഴ്ചവയ്ക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഷോപ്പിംഗ് ഫെസ്റ്റിവലിനോടനുബന്ധിച്ചുള്ള സമ്മാനങ്ങളിൽ പലതും ഗുണനിലവാരം കുറഞ്ഞതാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഇ) സമ്മാനങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>കേരള റോഡ് ഫണ്ട് ബോർഡിന്റെ പ്രവർത്തനങ്ങൾ</u>

*542 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, സി. പി. മുഹമ്മദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള റോഡ് ഫണ്ട് ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) ഇതിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ എവിടെയൊക്കെയാണ് നടത്തി വരുന്നത്;

(സി) ഇത് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് കൈകൊള്ളാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>എസ്.എസ്.എൽ.സി. ബുക്കിലെ ജനനത്തീയതി</u>

*543 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. ബുക്കിലെ ജനനത്തീയതിയും മറ്റു തെറ്റുകളും തിരുത്തിക്കിട്ടുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എല്ലാ വിദ്യാഭ്യാസ ജില്ലകളിലും ഒരു പ്രത്യേക സെൽ ആരംഭിച്ച് അവിടെത്തന്നെ വേണ്ട നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) വിദേശത്തും മറ്റും പോകുവാൻ വേണ്ടി അപേക്ഷിക്കുന്നവർക്ക് അപേക്ഷിക്കുന്ന ദിവസം തന്നെ സർട്ടിഫിക്കറ്റുകൾ തെറ്റുതിരുത്തി നൽകുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**

**25.10.2011-ലെ മറുപടിക്ക്**

<u>എയ്ഡഡ് സ്കൂള്‍/കോളേജ് നിയമനങ്ങള്‍</u>

*544 ശ്രീ. കെ. കുഞ്ഞിരാമന്‍(തൃക്കരിപ്പൂര്‍)
,, എ. കെ. ബാലന്‍
,, കെ. ദാസന്‍
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എയ്ഡഡ് സ്കൂള്‍/കോളേജ് നിയമനങ്ങള്‍ക്ക് വന്‍തുക കോഴയായി നല്‍കേണ്ടി വരുന്ന സ്ഥിതി വിശേഷം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) സര്‍ക്കാര്‍ ശമ്പളം നല്‍കുന്ന എല്ലാ തസ്തികകളിലും അഴിമതി രഹിതമായ നിയമനം ഉറപ്പാക്കാന്‍ നടപടി സ്വീകരിക്കുമോ ;

(സി) എയ്ഡഡ് സ്കൂള്‍/കോളേജ് അദ്ധ്യാപകരുടെ നിയമന കാര്യത്തില്‍ ഉദ്യോഗാര്‍ത്ഥിയുടെ മികവ് പരിഗണിക്കപ്പെടാന്‍ ഫലപ്രദമായ എന്തുനടപടിയാണ് ഇപ്പോള്‍ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) എയ്ഡഡ് സ്കൂള്‍/കോളേജ് മാനേജ്മെന്റുകള്‍ നിയമനം നടത്തി, സര്‍ക്കാര്‍ ശമ്പളം നല്‍കിവരുന്ന എത്ര അദ്ധ്യാപക/അദ്ധ്യാപകേതര ജീവനക്കാര്‍ ഇപ്പോള്‍ സംസ്ഥാനത്തുണ്ട് ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>നെൽവയൽ - നീർത്തട സംരക്ഷണ നിയമം</u>

*545 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എം. ചന്ദ്രൻ
,, ജെയിംസ് മാത്യൂ
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽവയൽ - നീർത്തട സംരക്ഷണ നിയമം നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നിയമം നടപ്പിൽ വരുത്തുന്നതിന്റെ മുൻപായി എന്തെല്ലാം കാര്യങ്ങൾ നിർവ്വഹിക്കേണ്ടതായിട്ടുണ്ട്; ഇവ ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണ് ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>നെല്ലിയാമ്പതിയിലെ എസ്റ്റേറ്റുകൾ തിരിച്ചെടുക്കാൻ നടപടി</u>

*546 ശ്രീ. കെ. രാധാകൃഷ്ണൻ
,, വി. ചെന്താമരാക്ഷൻ
,, എം. ഹംസ
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയിൽ പത്ത് എസ്റ്റേറ്റുകൾ പാട്ടക്കരാർ വ്യവസ്ഥകളുടെ ലംഘനത്തിന്റെ അടിസ്ഥാനത്തിൽ തിരിച്ചെടുക്കാൻ ആരംഭിച്ച നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ ;

(ബി) പാട്ടക്കരാർ വ്യവസ്ഥയുടെ ലംഘനം നടത്തിയിരിക്കുന്ന മറ്റ് കേസുകൾ ഏതൊക്കെയാണ് ; ഇവ തിരിച്ചെടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

പഠന നിലവാരം മെച്ചപ്പെടുത്താൻ നടപടി

*547 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ
,, എൻ.എ. നെല്ലിക്കുന്ന്
,, സി. മമ്മൂട്ടി
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബിരുദ/ബിരുദാനന്തര പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി കോളേജ് അദ്ധ്യാപകർക്ക് നല്കിവരുന്ന പരിശീലന പരിപാടികൾ സംബന്ധിച്ച വിശദവിവരം നല്കാമോ ;

(ബി) അദ്ധ്യാപകരുടെയും, വിദ്യാർത്ഥികളുടെയും ഗവേഷണപരമായ കഴിവുകൾ വികസിപ്പിക്കാനും നിലവാരം ഉയർത്താനും ഉദ്ദേശിച്ച് കഴിഞ്ഞ അഞ്ചുവർഷക്കാലം സ്വീകരിച്ച നടപടികളുടെ സംക്ഷിപ്ത വിവരം നല്കാമോ ;

(സി) പ്രസ്തുത കാലയളവിൽ ഏതെങ്കിലും പുതിയ കോഴ്സുകൾ അനുവദിക്കാൻ ശുപാർശ ചെയ്തിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിശദ വിവരം, പ്രസ്തുത കോഴ്സുകളുടെ കാലിക പ്രസക്തി സംബന്ധിച്ച വിവരമുൾപ്പെടെ നല്കാമോ ;

(ഡി) ഇവയിൽ ഏതൊക്കെ കോഴ്സുകൾ പുതുതായി ആരംഭിച്ചു എന്നും, ആ കോഴ്സുകളുടെ ബോധനത്തിന് ഏർപ്പെടുത്തിയ സൗകര്യങ്ങൾ എന്തെല്ലാമായിരുന്നു എന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>വില്ലേജാഫീസുകൾ -ലാന്റ് മാനേജ്മെന്റ് സെന്ററുകൾ</u>

*548 ശ്രീ. പി. എ. മാധവൻ
,, പാലോട് രവി
,, ഷാഫി പറമ്പിൽ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളെ ലാന്റ് റിക്കാർഡ്സ് മാനേജ്മെന്റ് സെന്ററുകളായും ഭരണത്തിന്റെ അടിസ്ഥാന യൂണിറ്റുകളായും ചിട്ടപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിരിക്കുന്നത്;

(ബി) അതിനായി ലാന്റ് റിക്കാർഡ്സ് കമ്പ്യൂട്ടർവൽക്കരണത്തിന്റെ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

(സി) ലാന്റ് റിക്കാർഡ്സിന്റെ ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊളാനുദ്ദേശിക്കുന്നതെന്നു വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>ടാറ്റായുടെ കൈവശമുള്ള ഭൂമി</u>

*549 ശ്രീ. സാജു പോൾ
,, പി. കെ. ഗുരുദാസൻ
,, കെ. കെ. ജയചന്ദ്രൻ
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ടാറ്റായുടെ അനധികൃത കൈവശത്തിലിരുന്ന 20,000 ഏക്കർ സർക്കാർ ഭൂമിയിൽ നേമക്കാട് വില്ലേജിൽ 1250 ഏക്കർ ഭൂമി തിരിച്ച് പിടിച്ച കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ബാക്കി ഭൂമിയുടെ സർവ്വേ ഡീമാർക്കേഷൻസുകൾ പൂർത്തിയായിട്ടുണ്ടോ ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ടാറ്റായുടെ കൈവശത്തിലുള്ള സർക്കാർ ഭൂമിയിൽ എത്ര ഏക്കർ തിരിച്ചു പിടിച്ചു എന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

മരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ്

*550 ശ്രീ. സി. ദിവാകരൻ
,, കെ. രാജു
,, ജി. എസ്. ജയലാൽ
ശ്രീമതി. ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ ; എന്നുമുതൽ ;

(ബി) സോഷ്യൽ ഓഡിറ്റിംഗിന്റെ പ്രത്യേകതകൾ എന്തെല്ലാം ;

(സി) ഈ പദ്ധതി ഏർപ്പെടുത്തിയതിനുശേഷം കൃത്യമായി നടപ്പാക്കുന്നുണ്ടോ ; ഇല്ലെങ്കിൽ നടക്കാതിരിക്കാനുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) വകുപ്പിലെ അഴിമതി തടയുന്നതിന് സോഷ്യൽ ഓഡിറ്റിംഗ് എത്രത്തോളം സഹായിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

ജെൻഡർ ബഡ്ജറ്റിംഗ് പദ്ധതി

*551 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, കെ.എം. ഷാജി
,, കെ. എൻ. എ. ഖാദർ
,, റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് നടപ്പാക്കാൻ പോകുന്ന ജെൻഡർ ബഡ്ജറ്റിംഗ് പദ്ധതിയുടെ പ്രത്യേകതകൾ വിശദമാക്കാമോ.

(ബി) ഇതു നടപ്പാക്കുന്നതിന് പൊതുമരാമത്തുവകുപ്പ് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നല്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നല്കാമോ;

(സി) നടപ്പുവർഷം ഈ പദ്ധതിയിൻ കീഴിൽ അനുവദിച്ച ഫണ്ടിനനുസൃതമായി എന്തൊക്കെ പണികളാണ് ഏറ്റെടുത്തിട്ടുളളത്;

(ഡി) അവ സമയബന്ധിതമായി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുളള നടപടികളുടെ വിശദ വിവരം നല്കാമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ</u>

*552 ശ്രീ. ഇ. കെ. വിജയൻ
,, സി. ദിവാകരൻ
,, ചിറ്റയം ഗോപകുമാർ
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് പഠനം നടത്താൻ നിയോഗിച്ചിരുന്ന സമിതിയുടെ റിപ്പോർട്ട് ലഭിച്ചതെന്നാണ് ; ഈ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമായിരുന്നു ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ വെളിച്ചത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ

## 25.10.2011-ലെ മറുപടിക്ക്

നഗരറോഡുകൾ വികസിപ്പിക്കുന്നതിന് കർമ്മപരിപാടികൾ

*553 ശ്രീ. വി. ഡി. സതീശൻ
,, കെ. അച്ചുതൻ
,, റ്റി. എൻ. പ്രതാപൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരറോഡുകൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മപരിപാടികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ബി) ഇങ്ങനെ റോഡുകൾ വികസിപ്പിക്കുമ്പോൾ അവയുടെ ഇരുവശങ്ങളിലുമുള്ള പുരാതന നിർമ്മിതികൾ നില നിർത്താൻ നടപടി സ്വീകരിക്കുമോ ;

(സി) ഇതിന് പ്രത്യേക പദ്ധതി രൂപീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ

## 25.10.2011-ലെ മറുപടിക്ക്

<u>കരമന - കളിയിക്കാവിള റോഡ്</u>

*554 ശ്രീ ബി സത്യൻ
,, കോലിയക്കോട് എൻ കൃഷ്ണൻ നായർ
,, വി ശിവൻകുട്ടി
,, ആർ സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരമന - കളിയിക്കാവിള റോഡ് നാലുവരിപ്പാതയായി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഈ ആവശ്യത്തിന് എന്തു തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) മുൻ സർക്കാർ ഈ റോഡ് വികസനത്തിന് തുക അനുവദിച്ചിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) മുൻസർക്കാരിന്റെ കാലത്ത് ഈ പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിരുന്നോ;

(ഇ) ഈ പദ്ധതി ഫാസ്റ്റ്ട്രാക്കിൽപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

അക്കാദമിക വികസന പ്രവർത്തനങ്ങൾ

*555 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, അൻവർ സാദത്ത്
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അക്കാഡമിക് വികസന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) ഇതിനായി സെമിനാറുകൾ, വർക്കുഷോപ്പുകൾ, കോൺഫറൻസുകൾ എന്നിവ സജീവമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>ലീഗൽ മെട്രോളജി വകുപ്പ് ശക്തമാക്കുന്നതിന് നടപടി</u>

*556 ശ്രീ. കെ. അച്ചുതൻ
,, പാലോട് രവി
,, റ്റി. എൻ. പ്രതാപൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലീഗൽ മെട്രോളജി വകുപ്പ് ശക്തമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) പ്രസ്തുത വകുപ്പിൽ എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് പരിശോധനയുടെ ഗുണനിലവാരവും കാര്യക്ഷമതയും വർദ്ധിപ്പിക്കാൻ ഉപയോഗിച്ചുവരുന്നത്;

(സി) ഇതിനായി എൻഫോഴ്സ്മെന്റ് ഓഫീസർമാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്നകാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>എയ്ഡഡ് സ്കൂളുകളുടെ ഉടമസ്ഥാവകാശം</u>

*557 ശ്രീ. എ. എം. ആരിഫ്
,, ജി. സുധാകരൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളുടെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്നതിന് നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്;

(ബി) എയ്ഡഡ് സ്കൂളുകളുടെ ഉടമസ്ഥാവകാശം വ്യാപകമായി കൈമാറ്റം ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യപ്പെട്ട സ്കൂളുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യപ്പെടുന്ന പല സ്കൂളുകൾക്കും സൗജന്യമായാണ് സ്ഥലം ലഭിച്ചതെന്നും ഇത് വൻവിലക്ക് വിറ്റ് സ്വകാര്യവ്യക്തികൾ ലാഭമുണ്ടാക്കുന്നുവെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കൈമാറ്റം ചെയ്യപ്പെടുന്ന സ്കൂളുകൾ സ്ഥിതി ചെയ്യുന്ന സ്ഥലം മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ സർക്കാർ തലത്തിൽ എന്തെങ്കിലും സംവിധാനമുണ്ടോയെന്നറിയിക്കുമോ;?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>സ്കൂൾ വാഹനങ്ങൾ ഓടിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിന് നടപടി</u>

*558 ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. സി.കെ. സദാശിവൻ
'' ബി. സത്യൻ
'' ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 35 വയസ്സിൽ കുറഞ്ഞ പ്രായക്കാർ സ്കൂൾ വാഹനങ്ങൾ ഓടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ അനുസരിച്ചുകൊണ്ടാണ് സ്കൂൾ വാഹനങ്ങൾ ഓടിക്കുന്നതെന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിൻ പരാജയപ്പെടുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) നിർദ്ദേശങ്ങൾ നടപ്പിലാക്കാനും അവലോകനം ചെയ്യാനും അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>ക്വിറ്റ് ഇന്ത്യാ സമരചരിത്രം</u>

*559 ശ്രീ. ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്വിറ്റ് ഇന്ത്യാ സമരത്തെക്കുറിച്ച് സ്കൂൾ, കോളേജ് തല വിദ്യാർത്ഥികളെ വിശദമായി പഠിപ്പിക്കുവാൻ നിലവിലുള്ള സിലബസിൽ ഈ വിഷയം ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ക്വിറ്റ് ഇന്ത്യ സമരനായകന്മാരായ ജയപ്രകാശ് നാരായണന്റെയും ഡോക്ടർ റാം മനോഹർ ലോഹ്യയുടെയും ജീവചരിത്രം സ്കൂൾ, കോളേജ് തല സിലബസ്സിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

ദേശീയ പാതയിലെ ട്രാഫിക് സുരക്ഷാ പദ്ധതികൾ

*560 ശ്രീ. സണ്ണി ജോസഫ്
,, ഷാഫി പറമ്പിൽ
,, എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ പാതയിൽ എന്തെല്ലാം ട്രാഫിക് സുരക്ഷാ പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ബി) ഇതിനായി 'ക്രാഷ് ബാരിയറുകൾ' സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) സ്കൂളുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സമീപം സൈൻബോർഡുകളും സീബ്രാ ക്രോസിംഗും സ്ഥാപിക്കുന്നതിന് നടപടിയെടുക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>മൂന്നാറിലെ സ്പെഷ്യൽ ഓഫീസിന്റെ ഏകോപന പ്രവർത്തനങ്ങൾ</u>

*561 ശ്രീ. ബാബു എം. പാലിശ്ശേരി
,, കെ. കെ. ജയചന്ദ്രൻ
,, വി. ചെന്താമരാക്ഷൻ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുവേണ്ടി 2007 മെയ് 9 ന്റെ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപിക്കപ്പെട്ട സ്പെഷ്യൽ ഓഫീസ് നിലവിലുണ്ടോ; എങ്കിൽ സ്പെഷ്യൽ ഓഫീസർ ആരാണ്;

(ബി) സ്പെഷ്യൽ ഓഫീസിന്റെ ഏകോപന പ്രവർത്തനങ്ങൾ എന്തൊക്കെയായിരുന്നു;

(സി) ഈ സർക്കാർ അധികാരത്തിൽ എത്തിയതിനു ശേഷം ഇവിടത്തെ ഏതെല്ലാം അനധികൃത നിർമ്മാണങ്ങൾ പൊളിച്ചുമാറ്റി; എത്ര ഏക്കർ ഭൂമി പുതുതായി തിരിച്ചെടുത്തു;

(ഡി) അനധികൃതമായി പട്ടയങ്ങൾ നൽകിയ ആൾക്കെതിരെയുള്ള അന്വേഷണം പൂർത്തിയായിട്ടുണ്ടോ; ചാർജ് ഷീറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ ചാർജ്ഷീറ്റ് വിജിലൻസ് കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>കയർ ഭൂവസ്ത്രം ഉപയോഗിച്ച് റോഡ് നിർമ്മാണം</u>

*562 ശ്രീ. പി. തിലോത്തമൻ
,, മുല്ലക്കര രത്നാകരൻ
,, കെ. അജിത്
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ ഭൂവസ്ത്രം ഉപയോഗിച്ച് റോഡ് നിർമ്മിക്കാനുള്ള പദ്ധതി രൂപകല്പന ചെയ്തിട്ടുണ്ടോ ;

(ബി) പരീക്ഷണാടിസ്ഥാനത്തിൽ എവിടെയെല്ലാം ഇത്തരം റോഡുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിലുള്ള റോഡ് നിർമ്മാണം കൊണ്ട് എന്തെല്ലാം പ്രയോജനം ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ആന്റി റാഗിംഗ് മോണിറ്ററിംഗ് സെല്ലുകള്‍</u>

*563 ശ്രീ. എം. എ. വാഹീദ്
,, കെ. ശിവദാസന്‍ നായര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പ്രൊഫഷണല്‍ കോളേജുകളില്‍ റാഗിംഗ് നിരോധനം നടപ്പാക്കാന്‍ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(ബി) സംസ്ഥാനത്തെ സര്‍വ്വകലാശാലകളുടെ കീഴില്‍ ഇതിനായി ആന്റി റാഗിംഗ് മോണിറ്ററിംഗ് സെല്‍ തുടങ്ങുന്ന കാര്യം പരിഗണിക്കുമോ;

(സി) ഏതെങ്കിലും സര്‍വ്വകലാശാലയില്‍ ഇത്തരം സെല്ലുകള്‍ ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;

(ഡി) എല്ലാ സര്‍വ്വകലാശാലകളിലും ഇത്തരം മോണിറ്ററിംഗ് സെല്ലുകള്‍ ആരംഭിക്കാന്‍ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ശബരിമലയിലേയ്ക്ക് സ്റ്റേറ്റ് ഹൈവെ</u>

*564 ശ്രീ. അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലേക്ക് സ്റ്റേറ്റ് ഹൈവേ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) എവിടെ നിന്നാണ് ഈ സ്റ്റേറ്റ് ഹൈവേ തുടങ്ങുന്നത് ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

കേരള സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷൻ

*565 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, എം. ഉമ്മർ
,, പി. ബി. അബ്ദുൾ റസാക്
,, മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ രൂപീകരണത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) ഉദ്ദേശലക്ഷ്യങ്ങൾക്കനുസൃതമായി പ്രോജക്ടുകൾ ഏറ്റെടുത്തു നടത്താൻ കോർപ്പറേഷന് ഇപ്പോൾ സാധിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ;

(സി) കോർപ്പറേഷന്റെ ലാഭകരമായ പ്രവർത്തനത്തിന് തടസ്സമായിട്ടുള്ള വസ്തുതകൾക്ക് പരിഹാരം കാണാൻ നടത്തിയ ശ്രമങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സർക്കാരിന്റെ പദ്ധതി നടത്തിപ്പിൽ കോർപ്പറേഷന് പങ്കാളിത്തം ലഭിക്കാൻ എന്തൊക്കെ ഇളവുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഇ) കോർപ്പറേഷന്റെ നിലവിലെ ലാഭനഷ്ടക്കണക്ക് സംബന്ധിച്ച വിശദവിവരം നല്കാമോ ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>അംഗീകാരമില്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾ</u>

*566 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗീകാരമില്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവ പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നതിനുള്ള വ്യവസ്ഥകളെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) നല്ല രീതിയിൽ പ്രവർത്തിക്കുന്ന അർഹതയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെല്ലാം അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

പഞ്ചവത്സര പദ്ധതിയുടെ സമീപന രേഖയിൽ ഉൾപ്പെടുത്തിയ ടൂറിസം പദ്ധതികൾ

*567 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, എം. എ. വാഹീദ്
,, ഡൊമിനിക് പ്രസന്റേഷൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 12-ാം പഞ്ചവത്സര പദ്ധതിയുടെ സമീപന രേഖയിൽ ടൂറിസം മേഖലയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് സമീപന രേഖയിൽ ഉൾപ്പെടുത്തിയിട്ടുളളത്;

(സി) വിദേശനിക്ഷേപം ആകർഷിക്കത്തക്ക രീതിയിൽ ടൂറിസം മേഖലയിൽ പുതിയ പരിപാടികൾ ആവിഷ്ക്കരിച്ച് പദ്ധതിയിൽ ഉൾപ്പെടുത്താൻ ശ്രമിക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസുകൾ

*568 ശ്രീ. തോമസ് ഉണ്ണിയാടൻ
,, റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസുകൾ ഉണ്ട്;

(ബി) ഇവയുടെ ഇപ്പോഴത്തെ അവസ്ഥ നിരീക്ഷിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത റസ്റ്റുഹൗസുകളും ഇതിന്റെ പരിസര പ്രദേശങ്ങളും വൃത്തിയായി സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) നടപ്പു സാമ്പത്തിക വർഷം പുതിയ റസ്റ്റ് ഹൗസുകൾ നിർമ്മിക്കുന്നതിനും പഴയവ നവീകരിക്കുന്നതിനും പദ്ധതിയുണ്ടോ; വിശദാംശങ്ങൾ നല്കുമോ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

## ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗ്

*569 ശ്രീ. എം. ഉമ്മര്‍
,, എം.പി. അബ്ദുസ്സമദ് സമദാനി
,, പി. ബി. അബ്ദുള്‍ റസാക്
,, മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളില്‍, പ്രത്യേകിച്ചും പ്രൊഫഷണല്‍ സ്ഥാപനങ്ങളില്‍ റാഗിംഗ് ഉണ്ടാവുന്നില്ലെന്ന് ഉറപ്പുവരുത്താന്‍ സ്വീകരിച്ചിട്ടുള്ള നടപടികള്‍ വിശദമാക്കുമോ;

(ബി) ഈ അദ്ധ്യയന വര്‍ഷത്തില്‍ അത്തരം സംഭവങ്ങള്‍ റിപ്പോര്‍ട്ടു ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കില്‍ ആ സംഭവങ്ങളില്‍ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദ വിവരം നല്‍കാമോ;

(സി) ഏതെങ്കിലും വിദ്യാര്‍ത്ഥി സംഘടനയില്‍പ്പെട്ടവര്‍, അവരുടെ അംഗബലം വര്‍ദ്ധിപ്പിക്കാന്‍ നടത്തുന്ന സംഘടനാ പ്രവര്‍ത്തനത്തിന്റെ ഭാഗമായി വിദ്യാര്‍ത്ഥീ വിദ്യാര്‍ത്ഥിനികളെ ഭീഷണിപ്പെടുത്തുകയും ദേഹോപദ്രവമേല്‍പ്പിക്കുകയും ചെയ്യുന്ന നിരവധി സംഭവങ്ങള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം ആക്രമണത്തിനിരയാവുന്ന കുട്ടികള്‍ മതിയായ സംരക്ഷണം ലഭിക്കാത്തതിനാല്‍ വിവരം പുറത്തുപറയാന്‍പോലും ഭയപ്പെടുന്ന അവസ്ഥയുണ്ടെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; ഈ സ്ഥിതിവിശേഷം മിടുക്കരായ കുട്ടികളുടെ പഠനംപോലും തകര്‍ക്കാന്‍ ഇടയാക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ;

(ഇ) വിദ്യാര്‍ത്ഥി യൂണിയന്‍ പ്രവര്‍ത്തനമെന്ന പേരില്‍ കാമ്പസ്സുകളില്‍ സംഘടിച്ചുനടത്തുന്ന ഇത്തരം ക്രൂരതകള്‍ക്ക് അറുതി വരുത്തി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പഠന സാഹചര്യം സമാധാനപൂര്‍ണ്ണമാക്കാന്‍ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ

## 25.10.2011-ലെ മറുപടിക്ക്

<u>സ്വന്തമായി കെട്ടിടമില്ലാത്ത മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ</u>

*570 ശ്രീ. പി. ഉബൈദുള്ള
,, എൻ. ഷംസുദ്ദീൻ
,, സി. മോയിൻകുട്ടി
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി -പിന്നോക്ക സമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തന നിലവാരം വിലയിരുത്തുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഏറ്റവും ഒടുവിൽ വിലയിരുത്തിയതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) സ്വന്തമായി കെട്ടിടമില്ലാത്ത എത്ര എം.ആർ.എസുകൾ നിലവിലുണ്ട്; അവയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) എം.ആർ.എസുകളിലേയ്ക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡമെന്താണ്; അനുവദനീയമായ എണ്ണം വിദ്യാർത്ഥികൾ അവിടെ പഠിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കുട്ടികൾ കുറയാനുണ്ടായ കാരണം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത സ്കൂളുകൾക്കായി പ്രതിവർഷം ചെലവിടുന്ന തുകയെത്രയെന്ന് വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
2011 ഒക്ടോബർ 16.

പി. ഡി. രാജൻ,
സെക്രട്ടറി

"T" ഇന്നത്തേയ്ക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.